**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് – വയനാട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ അധികാര പരിധി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്**

**ജി.ഒ.(ആർറ്റി.)നം.2325/2007/തൊഴിൽ** **തിയതി, തിരുവനന്തപുരം, 20/07/2007.**

---

പരാമർശം: - 1) സ.ഉ (എം.എസ്)45/07/തൊഴിൽ. തിയതി, 04.04.07

2) കേരളാ മോട്ടോർതൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 29/06/2007 ലെ ഇ/4200/05 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) അനുസരിച്ച് കേരള മോട്ടോർതൊഴിലാളി ക്ഷേമനിധി ബോർഡിന് വയനാട് ഒരു പുതിയ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസ് തുടങ്ങാനും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കാനും ഉത്തരവായിരുന്നു. ഈ പുതിയ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ അധികാര പരിധി വയനാട് റവന്യൂ ജില്ലയായി നിശ്ചയിച്ച് ഉത്തരവാകണമെന്ന് കേരളാ മോട്ടോർതൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) മുഖേന അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു, കേരളാ മോട്ടോർതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വയനാട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ അധികാര പരിധി വയനാട് റവന്യൂ ജില്ലയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**

**എൻ.സി. കുമാർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്,
പി.ഒ.ബോക്സ് നമ്പർ. 172, താമരക്കുളം പി.ഒ., കൊല്ലം. 691 001
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ഗവ:വെബ്സൈറ്റ്, സെക്രട്ടേറിയറ്റ് അനക്സ്.
തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: സ.ഉ(എം.എസ്)45/07/തൊഴിൽ, തിയതി 04.04.07 ന്റെ തീർപ്പു ഫയൽ.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**